# പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3783 17.12.2015 ന് മറുപടിയ്ക്ക്.

## വാമനപുരം നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരുക്കേറ്റവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ കൃഷ്ണൻ നായർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ എത്രപേർക്ക് പരുക്കേറ്റിട്ടുണ്ട്; എത്ര പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ ആകെ 20 പേർക്ക് പരിക്കേൽക്കുകയും 6 പേർ റിസർവ്വ് വനത്തിന് പുറത്ത് വച്ച് പാമ്പ് കടിയേറ്റ് മരണപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാട്ടുപന്നി ബൈക്കിന് കുറുകെ ചാടി അപകടത്തിൽപ്പെട്ട് ഒരാൾ മരണപ്പെട്ടിട്ടുണ്ട്. നിശ്ചിത ഫോറത്തിൽ അപേക്ഷയും അവകാശ സർട്ടിഫിക്കറ്റും സമർപ്പിക്കുന്ന മുറയ്ക്ക് പരേതന്റെ അനന്തരാവകാശിയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതാണ്. |
| (ബി) പരുക്കേറ്റവർക്കും മരണം സംഭവിച്ചവരുടെ ആശ്രിതർക്കും എന്തൊക്കെ സഹായങ്ങളും ആനുകൂല്യങ്ങളുമാണ് അനുവദിച്ചതെന്ന് അറിയിക്കുമോ? | (ബി) റിസർവ്വ് വനത്തിന് പുറത്ത് വച്ച് പാമ്പ് കടിയേറ്റ് മരണപ്പെട്ടവരുടെ ആശ്രിതർക്ക് 6 പേർക്കായി 1 ലക്ഷം രൂപ വീതം 6 ലക്ഷം രൂപയും, വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേറ്റ 20 പേർക്കായി 2,41,409/- രൂപയും നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ